(ബി) എങ്കിൽ മഞ്ചേശ്വരം അതിർത്തി ചെക്കുപോസ്റ്റിലേക്ക് ആ ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ, ബി) ഇങ്ങനെയൊരു ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കാവുന്നതാണ്.

[ചോദ്യോത്തരസമയം കഴിഞ്ഞു.]

## II. അടിയന്തിരപ്രമേയം

### നിഷേധിക്കപ്പെട്ട മിനിമം വേജസിനുവേണ്ടി കശുവണ്ടിത്തൊഴിലാളികൾ നടത്തുന്ന സമരം

മി. സ്പീക്കർ: നിഷേധിക്കപ്പെട്ട മിനിമം വേജസിനുവേണ്ടി കഴിഞ്ഞ മൂന്നാഴ്ചക്കാലമായി സമരം ചെയ്യുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന ഒരു ലക്ഷത്തോളം തൊഴിലാളികൾക്കെതിരായി പോലീസിന്റെ സഹായത്തോടുകൂടി സ്വകാര്യ വ്യവസായികളിൽ
9.30A.M.] പലരും ഗുണ്ടകളേയും റൗഡികളേയും ഇറക്കിവിട്ട് ഭീഷണിപ്പെടുത്തുകയും സംഘട്ടനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യുവാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവെയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ആർ. എസ്. ഉണ്ണി, ശ്രീ. സി. കെ. തങ്കപ്പൻ, ശ്രീമതി ഭാർഗവി തങ്കപ്പൻ, ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ, ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കൊല്ലം ജില്ലയിൽ 23-6-1986 മുതൽ 128 കശുവണ്ടി ഫാക്ടറികളിലെ ജീവനക്കാർ സമരത്തിലാണ്. 27-6-1986-ൽ കിളിക്കൊല്ലൂർ നൗഷദ് കാഷ്യു ഫാക്ടറിയുടെ ഉടമസ്ഥന്റെ വീട് 23 സ്ത്രീ തൊഴിലാളികളും, ഒരു പുരുഷ തൊഴിലാളിയും അവരുടെ ശമ്പളത്തിനായി വളഞ്ഞപ്പോൾ പോലീസ് അവരെ നീക്കം ചെയ്തു. കേരള പോലീസ് ആക്ട് അനുസരിച്ച് ഒരു പെറ്റി കേസ് ചാർജ്ജ് ചെയ്തിരിക്കുകയാണ്. കോടതി മേൽപ്പറഞ്ഞ 24 പേരെയും ശിക്ഷിച്ചിട്ടുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു സ്ഥലത്ത് മാത്രമല്ല പല സ്ഥലത്തും കശുവണ്ടി മുതലാളിമാർ, സത്യാഗ്രഹം ചെയ്യുന്ന തൊഴിലാളികളെ ഭീഷണിപ്പെടുത്തുകയും അവരെ ഉപദ്രവിക്കുന്നതിനുവേണ്ടി ഗുണ്ടകളേയും റൗഡികളേയും ഇറക്കിവിടുകയും ചെയ്യുന്നു. പോലീസ് പരോക്ഷമായി മുതലാളിമാരെ സഹായിക്കുകയാണ്. ഈ റൗഡികൾക്കെതിരെ കേസുകളൊന്നും എടുക്കുന്നില്ല. തൊഴിലാളികൾക്കാണ് ഉപദ്രവം ഉണ്ടാക്കുന്നത്. സമരം ആരംഭിച്ചിട്ട് വളരെ നാളുകളായി. കഴിഞ്ഞ മേയ് മാസം മുതൽ സമരം നടക്കുകയാണ്. മൂന്നാം തീയതിതൊട്ട് എല്ലാ ഫാക്ടറി പടിക്കലും തൊഴിലാളികൾ സത്യാഗ്രഹം നടത്തുകയാണ്. കൈക്കുഞ്ഞുങ്ങളുമായി സ്ത്രീതൊഴിലാളികളും രാപ്പകലില്ലാതെ ഫാക്ടറിപ്പടിക്കൽ കഴിഞ്ഞുകൂടുന്നു. അവർ ശമ്പളം വാങ്ങുന്നില്ല. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിയമപ്രകാരം കിട്ടേണ്ട കൂലി കൊടുക്കണമെന്നുള്ളതാണ് അവർ ഉന്നയിച്ചിട്ടുള്ള ആവശ്യം. വേറെ ഒന്നും അവർ ഉന്നയിച്ചിട്ടില്ല. പുതിയ അവകാശവാദങ്ങൾ ഒന്നും ഉന്നയിച്ചിട്ടില്ല. മിനിമം കൂലി കൊടുപ്പിക്കുവാനുള്ള നിയമപരമായ ഉത്തരവാദിത്വം ഗവൺമെൻറിനാണുള്ളത്. പല തവണ കോൺഫറൻസുകളിൽ ഈ ആവശ്യം ഉന്നയിച്ചതാണ്. എൻ ഫോഴ്സ്മെൻറ് വിഭാഗത്തിൽ വേണ്ടുവോളം ഉദ്യോഗസ്ഥൻമാരുണ്ട്. പേമെൻറ് ഓഫ് വേജസ് ആക്ട് അനുസരിച്ച് ശമ്പളദിവസം തീരുമാനിക്കാൻ മുൻകൂട്ടി നോട്ടിഫൈ ചെയ്യണം. പേമെൻറ് ഓഫ് വേജസ് ആക്ട് അനുസരിച്ച് ഉണ്ടാക്കിവച്ചിട്ടുള്ള രജിസ്റ്ററുകളിൽ മുഴുവൻ കൂലിയും മുഴുവൻ ഡി.എ. ഉൾപ്പെടെ എഴുതിവച്ചിട്ട് തൊഴിലാളികളെക്കൊണ്ട് വിരൽ പതിപ്പിച്ചിട്ട് മുതലാളിമാർക്ക് ഇഷ്ടമുള്ള കൂലിയാണ് കൊടുക്കുന്നത്. നൂറു രൂപക്ക് ഒരാഴ്ച ജോലിചെയ്യുന്ന തൊഴിലാളിക്ക് 50 രൂപ കൈയിൽ കൊടുക്കുന്നില്ല കശുവണ്ടി മേഖലയിലെ സഹകാരി വ്യവസായികൾക്ക് തൊഴിലാളികളുടെ ഈ കൂലിയിൽനിന്ന് തൊഴിലാളികളുടെ പിച്ചച്ചട്ടിയിൽനിന്ന് കൈയിട്ടുവാരുന്നത് മാത്രമായി നാലു കോടിയിൽപ്പരം രൂപ കിട്ടും. കഴിഞ്ഞ നാലുവർഷം കൊണ്ട് ഇത് തുടരുന്നു. 1982-ന് ശേഷം ചട്ടപ്രകാരമുള്ള മുഴുവൻ കൂലിയും ഒരൊറ്റ തൊഴിലാളിക്കുപോലും കശുവണ്ടി വ്യവസായ മേഖലയിലെ സഹകാരിമുതലാളിമാരിൽ നിന്നും കിട്ടുന്നില്ല എന്നുള്ളത് വസ്തുതയാണ്. ഇത് വാങ്ങിച്ചുകൊടുക്കുവാനുള്ള ബാദ്ധ്യത ഗവൺമെൻറിനില്ലേ? ഇപ്പോൾ തൊഴിലാളികളെ കബളിപ്പിക്കാൻ ഉഭയസമ്മതപ്രകാരം മുതലാളിമാർ തമ്മിലും തൊഴിലാളി യൂണിയനുകൾ തമ്മിലും എഗ്രിമെൻറ് ഉണ്ടാക്കിക്കൊള്ളാൻ ഗവൺമെൻറ് പറയുകയാണ്, ചട്ടപ്രകാരമുള്ള കൂലി മാറ്റി അതിൻെറ സ്ഥാനത്ത് ദുർബലമായ എഗ്രിമെൻറ് വഴിയുള്ള കൂലി കൊടുപ്പിക്കുവാൻ നിർബന്ധിക്കുകയാണ്. തൊഴിലാളികൾ അത് വിസമ്മതിക്കുന്നു. നിയമപ്രകാരമുള്ള കൂലി നടപ്പാക്കിക്കിട്ടണമെന്നതാണ് തൊഴിലാളികളുടെ ആവശ്യം. പതിനൊന്ന് വർഷമായി കൂലി നിശ്ചയിച്ചിട്ട്. രണ്ട് പ്രാവശ്യം കൂലി പരിഷ്കരിക്കേണ്ട സമയം കഴിഞ്ഞു. നിയമപ്രകാരം ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് കൂലി പുതുക്കി നിശ്ചയിക്കാൻ ഗവൺമെൻറ് തയ്യാറാകുന്നില്ല. ഒരു ഡ്രാഫ്ട് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി ഒബ്ജക്ഷൻ ക്ഷണിക്കുകയെങ്കിലും ചെയ്തു എന്തെങ്കിലും ഒബ്ജക്ഷൻ കിട്ടുന്നെങ്കിൽ അതുകൂടി കേട്ട് തീരുമാനം എടുത്ത് ഫൈനൽ നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി കൂലി നടപ്പാക്കുവുന്ന, നിയമപരമായി ചെയ്യാവുന്ന ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. കഴിഞ്ഞ നാലു വർഷമായിട്ട് അതുചെയ്യാൻ ഈ ഗവൺമെൻറ് കൂട്ടാക്കുന്നില്ല. ഇപ്പോൾ മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്താൽ തിരിഞ്ഞുനിന്ന് ഒരക്ഷരം പോലും മിണ്ടാൻ വയ്യാത്ത ഒരു സാഹചര്യം ഉണ്ടാക്കാൻ ഗവൺമെൻറ് ശ്രമിക്കുകയാണ്. ക്രമസമാധാന നില അപകടപ്പെട്ടിട്ടുണ്ട്. വളരെ സ്ഫോടനാത്മകമായ സ്ഥിതിവിശേഷമാണ് ഇന്ന് ഈ രംഗത്തുള്ളത്. നൂറിൽപ്പരം ഫാക്ടറികൾക്കുള്ളിൽ കൈക്കുഞ്ഞുങ്ങളുമായി അമ്മപെങ്ങൻമാർ കുത്തിയിരിക്കുന്നു. നാട്ടുകാർ പിടിയരി പിരിച്ച് കഞ്ഞിവെച്ച് അവർക്ക് കൊടുക്കുന്നു. അതുകൊണ്ട് പേമെൻറ് ഓഫ് വേജസ് ആക്ട് അനുസരിച്ച് ഇന്ന് നിലവിലുള്ള കൂലി അടിയന്തിരമായിട്ട് കൊടുക്കണം. അതുപോലെതന്നെ മിനിമം വേജസ് ആക്ട് റിവൈസ് ചെയ്യാൻ ഉടൻ നടപടി എടുക്കണം. നിരാഹാര സത്യാഗ്രഹം നടത്തുന്ന തൊഴിലാളികളെ ഉപദ്രവിച്ച പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ, റൗഡികൾക്കെതിരെ നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് ഇന്ന് ഈ സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കശുവണ്ടിത്തൊളിലാളികൾക്ക് മിനിമം വേജസ് കൊടുപ്പിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെൻറിനും വളരെയധികം ആഗ്രഹമുണ്ട്; നിർബന്ധമുണ്ട്. പക്ഷേ കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം കൂലിയും നിലവിലുള്ള ആനുകൂല്യങ്ങളും വാങ്ങിച്ചുകൊടുക്കുന്നതിനുവേണ്ടി സമരം നടത്തി, സമരങ്ങളും നയിച്ച് ആ സമരത്തിന്റെ നേതൃത്വം വഹിച്ച ആളുകൾ ഭരണത്തിൽ ഇരുന്നപ്പോഴും അത് കൊടുപ്പിക്കുവാൻ ശ്രമിച്ചില്ല. കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ട് അനുസരിച്ച് കാശുകിട്ടിയ കാലം എങ്ങോ മറന്നു. കാഷ്യു കോർപ്പറേഷൻ ഒഴിച്ച് അവിടെ മിനിമം വേജസ് കൊടുപ്പിക്കുവാൻ ഒരൊറ്റ നേതാവിനും ഇതുവരെ സാധിച്ചില്ല എന്നുള്ളതാണ് ഒരു സത്യം മാത്രമാണ്. ഇന്നത്തെ ഗവൺമെൻറ് ഒരു പരിധിവരെയെങ്കിലും അവർക്ക് അത് കൊടുപ്പിക്കുന്നതിനുവേണ്ടി കർശനമായ നടപടി നടത്തിവരുന്നുണ്ട്. ആ അവസരത്തിൽ ഇതിന് വിലങ്ങുതടിയിടാനല്ലാതെ മിനിമം വേജസ് കൊടുപ്പിക്കുവാൻ സാധിച്ചിട്ടില്ല. എന്തായാലും ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുന്നു. തൊഴിലാളികൾക്ക് അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി സമാധാനപരമായി സമരം നടത്തുവാൻ അവകാശമുണ്ട്. അതിന് യാതൊരു വിധത്തിലുള്ള തടസ്സവും ഉണ്ടാക്കാൻ സമ്മതിക്കുന്നതല്ല. നേരെമറിച്ച് വീടു വളഞ്ഞ് നിരപരാധികളായ വീട്ടുകാർക്ക് വഴിപോകാൻ സാധിക്കാതെ വന്നാൽ നിയമപരമായ നടപടി സ്വീകരിക്കും. അത് നിർവ്വഹിക്കാതിരിക്കാൻ നിവൃത്തിയില്ല. തൊഴിലാളി സമരത്തിന് എന്തെല്ലാം സഹായം ആവശ്യമാണോ അതെല്ലാം ഗവൺമെൻറ് ചെയ്യാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) കുരിയാർകുറ്റി—കാരപ്പാറ ജല വൈദ്യുത പദ്ധതി

ശ്രീ കെ. കൃഷ്ണൻകുട്ടി: സർ, എനിക്ക് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് പറയാനുള്ളത് ജനങ്ങളെ പറഞ്ഞുകൊള്ളുന്ന പണി ഒന്നു നിറുത്തിവയ്ക്കണമെന്നാണ്. കാരപ്പാറ—കുര്യാർകുറ്റി പ്രോജക്ടിനെക്കുറിച്ച് പാലക്കാട് ജില്ലയിലുള്ള എല്ലാ എം.എൽ.എ. മാരും പല പ്രാവശ്യമായി ഉന്നയിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇടതുപക്ഷ ഗവൺമെൻറിന്റെ കാലത്ത് ബാലകൃഷ്ണപിള്ളതന്നെ അന്നു മന്ത്രിയായിരുന്നപ്പോൾ അതിന്റെ പണി ആരംഭിച്ചു. കാസ്റ്റിംഗ് മന്ത്രിസഭാകാലത്ത് അത് നിറുത്തിവെച്ചു. കാരണമൊന്നും ഞാൻ പറയേണ്ട ആവശ്യമില്ല. അതിനെക്കുറിച്ച് ഏറ്റവും കൂടുതൽ നന്നായിട്ട് അറിയാവുന്നത് ഇലക്ട്രിസിറ്റി മന്ത്രിക്കാണ്. അദ്ദേഹത്തിന് അതു പറയാൻ സാധിക്കുകയില്ല. എന്താണ് കാരണമെന്ന് ഐക്യമുന്നണിയിൽ പറയാൻ കഴിയുകയില്ല. അവിടത്തെ എസ്റ്റേറ്റുകാരും, നമ്മുടെ വനംവകുപ്പും കൂടി അതിനെ തുരങ്കം വെച്ചു. അതിനുശേഷം പല പ്രാവശ്യം ഈ സഭയിൽ ഈ പ്രശ്നം ഉന്നയിച്ചു. ഞങ്ങളും ഇതാ നടപടി സ്വീകരിക്കുന്നു എന്ന് ഇവിടെ മന്ത്രിമാർ ഉറപ്പുതന്നിട്ടുണ്ട്. മന്ത്രി ഇലക്ഷൻകാലത്ത് ചിറ്റൂരു വരുമ്പോൾ ''ഇതാ അതു ഞാൻ നടപ്പാക്കും'' എന്നു പറയാറുണ്ട്. നാല്

LIBRARY ARCHIVES Kerala Legislative Assembly